## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2023** — **12-09-2023 - ൽ മറുപടിയ്ക്ക്**

### കുട്ടനാട്ടിലെ താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | അടിക്കടി ഉണ്ടാകുന്ന പക്ഷിപ്പനി മൂലം കുട്ടനാട്ടിലെ താറാവ് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | പക്ഷിപ്പനിയുമായി ബന്ധപ്പെട്ട വിഷയത്തിൽ താറാവ് കർഷകർക്ക് ആവശ്യമായ ബോധവൽക്കരണം മൃഗസംരക്ഷണ വകുപ്പ് നൽകി വരുന്നു. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടവയും 'കൾ' ചെയ്ത താറാവ്/ കോഴി എന്നിവയും നശിപ്പിച്ച മുട്ടയും നഷ്ടപരിഹാരം നൽകിവരുന്നു. പക്ഷിപ്പനി തടയുന്നതിന് കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന ആക്ഷൻ പ്ലാൻ പ്രകാരം എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | പക്ഷിപ്പനി മൂലം കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | പക്ഷിപ്പനി മൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് സംസ്ഥാന സർക്കാർ നഷ്ടപരിഹാരം നൽകിവരുന്നു. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽനിന്നും ഉയർന്ന നിരക്കിലാണ് സംസ്ഥാന സർക്കാർ നഷ്ടപരിഹാരം നൽകി വരുന്നത്. സംസ്ഥാനത്ത് പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടവയും 'കൾ' ചെയ്ത താറാവ്/ കോഴി എന്നിവയും നശിപ്പിച്ച മുട്ടയും നഷ്ടപരിഹാരം നൽകിവരുന്നു. കേന്ദ്ര ഗവൺമെൻറ് വിഹിതം കാത്തു നിൽക്കാതെ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ജന്തു രോഗ നിയന്ത്രണ പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ നിന്നും ആണ് സംസ്ഥാന സർക്കാർ നാളിതുവരെ നഷ്ടപരിഹാരം നൽകിവരുന്നത്. |
| (സി) | നഷ്ടപരിഹാരം ലഭിക്കുവാനുള്ള മുഴുവൻ താറാവ് കർഷകർക്കും സമയബന്ധിതമായി ആയത് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | അർഹതപ്പെട്ട മുഴുവൻ താറാവ് കർഷകർക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നഷ്ടപരിഹാരം നൽകുന്നതിനുള്ള കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ച പ്രകാരമുള്ള രേഖകൾ സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ